II. അറിയിപ്പ്

സൈനികക്ഷേമ നിധിയിലേക്കുള്ള സംഭാവന

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിമാർ, നിയമസഭാ സാമാജികർ, നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ എന്നിവർ മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിലേക്ക് നൽകിയ സംഭാവനത്തുക ഇന്ന് (21-7-1999-ന്) ഉച്ചയ്ക്കുശേഷം 3 മണിക്ക് ബാങ്കറ്റ് ഹാളിൽ നടക്കുന്ന ചടങ്ങിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറുന്നതാണ്. തദവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ, പ്രതിപക്ഷനേതാവ് എന്നിവർ സന്നിഹിതരായിരിക്കുന്നതാണ്. എല്ലാ സാമാജികരും ആ ചടങ്ങിൽ പങ്കെടുക്കണം. അതിനുശേഷം നാഷണൽ ഇന്റഗ്രേഷനെ സംബന്ധിച്ച് 10 മിനിറ്റ് ദൈർഘ്യമുള്ള ഒരു പ്രോഗ്രാം കൂടി ഉണ്ടായിരിക്കുന്നതാണ്.

III. ശ്രദ്ധക്ഷണിക്കൽ

(അദ്ധ്യക്ഷവേദിയിൽ ഡോ: കെ.സി. ജോസഫ്)

(1) കൂടുതൽ സ്വാശ്രയകോളേജുകൾ തുടങ്ങേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.എം. അഗസ്തി : ഈ പ്രശ്നം കഴിഞ്ഞ 16-ാം തീയതി സഭയിൽ മറ്റൊരു രൂപത്തിൽ വന്നതാണ്. അന്ന് പ്രമേയരൂപത്തിൽ വന്ന ഈ കാര്യം സഭയിൽ ഉന്നയിക്കാൻപോലും അവസരം ലഭിക്കാത്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിലെ വികസനത്തിന്റെ സുപ്രധാനമായ ഒരു നാഴികക്കല്ലായി ഈ പ്രശ്നം ഞാൻ ഇന്ന് ഒരു കാളിംഗ് അറ്റൻഷനായിട്ട് അവതരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സ്വാതന്ത്ര്യലബ്ധി മുതൽ 1970 വരെ വിദ്യാഭ്യാസരംഗത്ത് വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. തന്മൂലം കേരളീയർക്ക് കേരളത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലും തൊഴിൽ കരസ്ഥമാക്കാൻ കഴിഞ്ഞു. 70-കളിൽ ഗൾഫ് രാജ്യങ്ങളിൽ മലയാളികൾ പോയാൽ ജോലി ലഭ്യമായിരുന്നു. നിർഭാഗ്യവശാൽ 1980-കൾക്കുശേഷം ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും നമ്മുടെ നാട്ടിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. അതുകൊണ്ട് കേരളത്തിലെ കുട്ടികൾക്ക് തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ പോയി ഭീമമായ തുക ചെലവഴിച്ച് വലിയ യാതനകൾ സഹിച്ചും അഡ്മിഷൻ വാങ്ങുകയാണ്. ഇപ്പോൾ ആ സ്ഥാപനങ്ങൾപോലും സ്തംഭനാവസ്ഥയിലായതുകൊണ്ട് അഡ്മിഷനില്ലാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്തെപ്പറ്റി പഠനം നടത്തിക്കൊണ്ടിരുന്ന 'ഓർഗനൈസേഷൻ ഫോർ പ്രൊമോഷൻ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഇൻ കേരള' എന്ന സ്ഥാപനം നടത്തിയ സർവ്വേ അനുസരിച്ച് പ്രതിവർഷം 600 കോടിയോളം രൂപ നമ്മുടെ കുട്ടികളിൽനിന്നും സംഭരിച്ച് മറ്റു സംസ്ഥാനങ്ങളിലേക്ക് ഈ മേഖലയിൽ ഒഴുകിപ്പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രാദേശിക വാദം നടക്കുന്നതിനെ സംബന്ധിച്ച് ഇതിന് തുക മുടക്കാൻ തയ്യാറായാൽപ്പോലും മറ്റു സംസ്ഥാനങ്ങളിൽ ആവശ്യത്തിന് സീറ്റുകൾ ലഭ്യമാകാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്തും മറ്റ് പ്രൊഫഷണൽ രംഗത്തും സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിച്ചില്ലെങ്കിൽ കേരളീയർക്ക് ലഭിക്കാവുന്ന 50,000-ത്തോളം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്നാണ് സർവ്വേ വ്യക്തമാക്കുന്നത്. നമ്മുടെ അയൽസംസ്ഥാനങ്ങളിൽ 84,000 എഞ്ചിനീയറിംഗ് സീറ്റുകളും പ്രൊഫഷണൽ സീറ്റുകളും ഉള്ളപ്പോൾ കേരളത്തിൽ 4000 ത്തിനും 5000 ത്തിനും ഇടയിലുള്ള എഞ്ചിനീയറിംഗ് സീറ്റുകൾ മാത്രമാണുള്ളത്. തമിഴ്നാട്ടിൽ 100-ഓളം എഞ്ചിനീയറിംഗ് കോളേജുകൾവഴി 30,000 വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് പ്രവേശനം നടന്നു. കർണ്ണാടകയിൽ 60 എഞ്ചിനീയറിംഗ് കോളേജുകളിൽ 18,000 സീറ്റുകളാണുള്ളത്. മഹാരാഷ്ട്രയിൽ 80 കോളേജുകളിലായി 24,000 സീറ്റുകളും ആന്ധ്രയിൽ 40 കോളേജുകളിലായി 12,000 സീറ്റുകളും ഉണ്ട്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ 280 കോളേജുകളും 84,000 സീറ്റുകളും ഉള്ളപ്പോൾ കേരളത്തിൽ 15 കോളേജുകളും 4500 സീറ്റുകളും മാത്രമാണുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ അതത് സംസ്ഥാനത്തുള്ളവർക്ക് സീറ്റ് മാറ്റിവയ്ക്കണം എന്ന നിബന്ധന വന്നതോടുകൂടി അവിടെയും അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് 35000 കുട്ടികൾ എൻട്രൻസ് പരീക്ഷയിൽ പാസ്സാകുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ 35000 പേരിൽ 4500-5000 കുട്ടികൾക്കു മാത്രമാണ് ഇപ്പോൾ ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നത്. ശേഷിക്കുന്നവരുടെ ഉപരിപഠനത്തിനായി കേരളത്തിൽ നിന്ന് പുറത്തേക്ക് ഒഴുക്കുന്ന 600 കോടി രൂപ എഞ്ചിനീയറിംഗ് മേഖലയ്ക്കാണെന്ന് കണക്കാക്കിയാലും അതിൽ 300 കോടി രൂപയെങ്കിലും വിനിയോഗിച്ചാൽ കേരളത്തിൽ 40 എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ കഴിയുമെന്നാണ് ഈ സർവ്വേ വ്യക്തമാക്കുന്നത്. അങ്ങനെ വരികിൽ ഇപ്പോഴുള്ള 4500 സീറ്റുകളുടെ സ്ഥാനത്ത് എഞ്ചിനീയറിങ്ങിന് 12000 സീറ്റുകൾ കേരളത്തിൽ ലഭ്യമാകുമെന്നാണ് ഈ സർവ്വേ വ്യക്തമാക്കുന്നത്. ഇതിനുവേണ്ടി 300 കോടി രൂപ സംസ്ഥാന ഗവൺമെന്റ് മുടക്കേണ്ടിവരും. 300 കോടി രൂപ മുടക്കാൻ ഇപ്പോൾ സംസ്ഥാന ഗവൺമെന്റിനു സാദ്ധ്യമല്ല എന്ന സാഹചര്യത്തിൽ, സർക്കാരിന് പണമില്ല എന്ന സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് 12000 സീറ്റുകളും അതുപോലെതന്നെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സാദ്ധ്യതകളും മരവിപ്പിക്കണോ എന്നതാണ് പ്രധാനമായ പ്രശ്നം. ഇവിടെയാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടേയും മെഡിക്കൽ കോളേജുകളുടേയും പ്രസക്തി. 12000 സീറ്റുകൾ സ്വാശ്രയകോളേജുകളിൽ ലഭ്യമായാൽ അതിൽ 6000 സീറ്റുകൾ ഫ്രീ സീറ്റാണ്. ഈ ഫ്രീ സീറ്റുകളിൽ ഓപ്പൺ മെരിറ്റടിസ്ഥാനത്തിൽ സാധാരണക്കാരായ, പാവങ്ങളായ ആളുകൾക്ക് പ്രവേശനം ലഭിക്കുമെന്ന യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിക്കുന്നത് ഈ സംസ്ഥാനത്തോട് ചെയ്യുന്ന വലിയ ക്രൂരതയാണ്. ഈ സൗകര്യം ഉണ്ടാക്കേണ്ടത് സർക്കാരാണ്. ഈ സൗകര്യം ഉണ്ടാക്കുന്നതിൽ സർക്കാരിന് കാലതാമസം ഉണ്ടാകുന്നത് അക്ഷന്തവ്യമായ കുറ്റമാണ്. ഈ രംഗത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കണം. താൽപ്പര്യവും സേവന സന്നദ്ധതയും വിഭവശേഷിയും പരിചയവുമുള്ള സ്വകാര്യ ഏജൻസികളെ സ്വാശ്രയ കോളേജുകൾ തുടങ്ങുന്നതിന് അനുവദിക്കണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. സ്വകാര്യമേഖലയോട് ഗവൺമെന്റിന് എന്തിനാണ് അയിത്തം? ഇവിടെ പ്രൈമറി വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും കോളേജ് വിദ്യാഭ്യാസരംഗത്തും പ്രവർത്തിക്കുന്ന ഏജൻസികളുടേയും ഗവൺമെന്റിന്റേയും പങ്ക് ഒന്ന് പരിശോധിച്ചാൽ നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഏറ്റവും വിലപ്പെട്ട സംഭാവന ചെയ്തത് സ്വകാര്യ ഏജൻസികളാണെന്ന് കാണാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് 12273 സ്കൂളുകൾ ഉള്ളതിൽ 7310 സ്കൂളുകൾ, അതായത് നമ്മുടെ സംസ്ഥാനത്തുള്ള സ്കൂളുകളിൽ 59% സ്കൂളുകൾ സ്വകാര്യ മേഖലയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ 580 പ്രൈവറ്റ് അൺഎയിഡഡ് സ്കൂളുകൾ ഉണ്ട്. അത് 4.15% ആണ്. ഗവൺമെന്റ് സ്കൂളുകളുടെ സ്ഥിതി എന്നു പറയുന്നത് 4456 മാത്രമാണ് എന്നു പറഞ്ഞാൽ 36% മാത്രമാണ് പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഗവൺമെന്റിന്റെ പങ്കാളിത്തം. യൂണിവേഴ്സിറ്റികളുടെ സ്ഥിതിയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് 186 കോളേജുകൾ ഉള്ളതിൽ ഗവൺമെന്റു കോളേജു കളുടെ എണ്ണം 38 മാത്രമാണ്. സ്വകാര്യ ഏജൻസികൾ നടത്തുന്ന കോളേജു കളുടെ എണ്ണം 148 ആണ്. അതുപോലെ അൺ-എയ്ഡഡ് പ്രൈവറ്റ് കോളേ ജുകൾ 18 എണ്ണമുണ്ട്. ടെക്നിക്കൽ വിദ്യാഭ്യാസ രംഗത്തും സ്ഥിതി ഇതിൽനിന്നും വളരെ വ്യത്യസ്തമല്ല. സ്വകാര്യ മേഖലയോടുള്ള അയിത്തവു മായി ഗവൺമെന്റിന് എത്രകാലം മുന്നോട്ടുപോകാൻ കഴിയുമെന്ന് പരിശോധി ക്കണം. '97-'98-ലെ കണക്ക് പ്രകാരം ഉന്നത വിദ്യാഭ്യാസരംഗത്തെ ചെലവ് 2015 കോടിരൂപയാണ്. അത് എസ്.ഡി.പി.യുടെ 4.6% ആണ്. ഈ 2015 കോടി രൂപ വിദ്യാഭ്യാസത്തിനുവേണ്ടി മുടക്കുമ്പോൾ അതിൽ 48.58% പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടിയാണ്; സെക്കന്ററി വിദ്യാഭ്യാസത്തിനുവേണ്ടി 31.10% ആണ്. കോളേജ് വിദ്യാഭ്യാസത്തിനുവേണ്ടിയും ഉന്നത വിദ്യാഭ്യാസത്തിനുവേ ണ്ടിയും നമ്മുടെ സംസ്ഥാനം ചെലവഴിക്കുന്നത് 14.67% മാത്രമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 4.6% അതായത് 2015 കോടി രൂപ വിദ്യാ ഭ്യാസ മേഖലയ്ക്ക് ചെലവഴിക്കുമ്പോൾ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി നാം മാറ്റി വയ്ക്കുന്നത് വളരെ ചെറിയൊരു തുകയാണ് എന്ന യാഥാർത്ഥ്യം എക്കണോമിക് സർവ്വേയിൽ വ്യക്തമാണ്. ഉന്നത വിദ്യാഭ്യാസത്തിനു കൂടു തൽ പണം മാറ്റിവയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ മലയാളികൾക്ക് എങ്ങും പോയി ജോലി നേടാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഇതാണ് യാഥാർത്ഥ്യം എന്ന നിലയ്ക്ക് ഗവൺമെന്റ് യാഥാർത്ഥ്യ ങ്ങൾ കണ്ടില്ലെന്ന നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത് എന്തു കൊണ്ടാണ് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതിന് രാഷ്ട്രീയ തർക്കത്തി ന്റെയൊന്നും കാര്യമില്ല. നമ്മുടെ എക്കണോമിക് റിവ്യൂയിൽ ഇക്കാര്യം പറയു ന്നു. ഗവൺമെന്റ് നൽകിയിരിക്കുന്ന 1998-ലെ എക്കണോമിക് റിവ്യൂവിൽ 142-2-ാമത്തെ പേജിൽ ഈ കാര്യം പറയുകയാണ്. ഇപ്പോൾ ബഡ്ജറ്റിൽ നീക്കിവ ച്ചിരിക്കുന്ന തുകയുടെ തോതും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക വിഷ മതകളും കണക്കിലെടുത്താൽ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തു ന്നതിനുവേണ്ടി ബഡ്ജറ്റ് വിഹിതം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത പരിമിതമാണ്. വർദ്ധിച്ചുവരുന്ന സാമ്പത്തികഭാരം കണക്കിലെടുത്ത് വിദ്യാഭ്യാസ സൗകര്യങ്ങൾ ദുർബല വിഭാഗങ്ങൾക്ക് അപ്രാപ്യമായി തീരാത്ത വിധം വിഭവസമാഹരണം നടത്തേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ ഗുണനില വാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഡ്ജറ്റ് വിഹിതം ഗണ്യമായി വർദ്ധിപ്പി ക്കുന്നതിനുള്ള സാദ്ധ്യത സംസ്ഥാനത്ത് പരിമിതമാണ് എന്നുപറഞ്ഞു. സർ, പിന്നെ എന്തുകൊണ്ടാണ് ഈ വിഭവസമാഹരണത്തിന് സാദ്ധ്യതയുള്ള മേഖ ലകളെ അയിത്തം കൽപ്പിച്ചുകൊണ്ട് മാറ്റി നിർത്തുന്നത് എന്ന് ഗവൺമെന്റ് പരിശോധിക്കണ്ടേ. ഇവിടെ ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടാണ് 1992-ൽ യു.ഡി.എഫ്. ഗവൺമെന്റ് സ്വാശ്രയ കോളേജുകൾക്ക് തുടക്കമിടുന്നത്. അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയും അവരുടെ സഹയാത്രികൻമാരും ഈ സംരംഭത്തെ എതിർത്തു. പരിയാരം മെഡിക്കൽ കോളേജ് തുടങ്ങിയപ്പോൾ, സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ് വന്നപ്പോൾ എന്തൊക്കെ കലാപങ്ങളാണ് ഉണ്ടായത്. ബന്ദ്, ഹർത്താൽ, മന്ത്രി മാരെ തടയൽ, അക്രമം, അടി, ഇടി എന്നുതുടങ്ങി എത്രയോ സംഭവങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്ത് അരങ്ങേറി. ഇവിടെ ഇതൊക്കെ പറഞ്ഞ ആളുകൾ അഞ്ചോ, ആറോ വർഷത്തിനുശേഷം ഇപ്പോഴെങ്കിലും സഹകരണ മേഖലയ്ക്ക് ഈരംഗത്ത് കടന്നുവരാമെന്ന് സമ്മതിച്ചത് ഒരു മാറ്റമാണ്. ഈ മാറ്റത്തിനു വേണ്ടി എടുത്ത കാലതാമസം കേരളത്തോടും യുവതലമുറയോടും കാണിച്ച വലിയ പ്രതികാര ബുദ്ധിയാണെന്നകാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ തന്നെ പറയുന്നു, അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക മാദ്ധ്യമ രംഗങ്ങളിൽ ഏറ്റവും നൂതനമായ പാഠ്യപദ്ധതിയിലൂടെ കടന്നെത്തുന്നവർക്കുമാത്രമേ ഈ തൊഴിൽ കമ്പോളത്തിൽ സ്ഥാനം ലഭിക്കുകയുള്ളൂ. ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു കുതിപ്പിന് വഴി തെളിക്കുകയും കൊള്ളലാഭക്കാരെയും വിദ്യാഭ്യാസ കച്ചവടക്കാരെയും ഒഴിവാക്കുകയുമാണ് ഈരംഗത്ത് ആവശ്യം. സർക്കാർ നേരിട്ട് ഇതിനുള്ള സാമ്പത്തിക ബാദ്ധ്യത മുഴുവൻ ഏറ്റെടുക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ താങ്ങാനാവുന്നതല്ല. ഇവിടെയാണ് പ്രൊഫഷണൽ കോളേജുകൾ സ്വാശ്രയ മേഖലയിൽ തുടങ്ങേണ്ടതിന്റെ ആവശ്യകത. ഈ ഗവൺമെന്റിനെ നയിക്കുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണല്ലോ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പറഞ്ഞിരിക്കുന്നതാണ്. 1992-ൽ എന്തായിരുന്നു സമീപനം എന്ന കാര്യം നമ്മൾ പരിശോധിക്കേണ്ടതുണ്ട്. ഇവിടെ ഇപ്പോൾ ഗവൺമെന്റ് ഒരു നയം മാറ്റിയിരിക്കുന്നു, സഹകരണമേഖലയ്ക്ക് സ്വാശ്രയകോളേജുകൾ അനുവദിക്കാം എന്ന നയം മാറ്റിയിരിക്കുന്നു. ഒരു പ്രശ്നമുള്ളത് സഹകരണ മേഖലയിൽ അവർ നവാഗതരാണ്, അവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തി പരിചയമില്ല. സഹകരണ മേഖല വന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷെ സ്വാശ്രയ കോളേജുകൾ സഹകരണമേഖല കൊണ്ടുമാത്രം പൂർണ്ണമാകുമെന്ന് നമുക്ക് വിശ്വസിക്കാനാവില്ല. കാരണം അവർ ഈ രംഗത്ത് പരിചയമുള്ളവരല്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വലിയ സംഭാവനകൾ നല്കിയ സ്വകാര്യ ഏജൻസികൾ, ആ ആളുകളെ ഒഴിവാക്കുന്നത് ഈ കേരള സംസ്ഥാനത്തോട് കാണിക്കുന്ന വലിയ അപരാധമായിരിക്കുമെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ വ്യക്തമായ ഒരു നയമില്ല എന്നാണ് പത്രവാർത്തകൾ കൊണ്ടു മനസിലാകുന്നത്. 'ഇവിടെ സ്വാശ്രയ കോളേജുകൾ സ്വകാര്യ മേഖലയെ ഒഴിവാക്കും' - ശ്രീ. വി.എസ്. അച്യുതാനന്ദൻ, 'സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സ്വകാര്യ മേഖലയിൽ അനുവദിക്കാൻ പാടില്ല എന്ന് ഇടതുമുന്നണി തീരുമാനിച്ചിട്ടില്ല' - ശ്രീ. വെളിയം ഭാർഗ്ഗവൻ, 'സ്വാശ്രയ കോളേജുകൾ സ്വകാര്യ മേഖലയിലും ആവശ്യം' - ശ്രീ. പി.ജെ. ജോസഫ്. നയമില്ലാത്ത ഒരു ഗവൺമെന്റ് ഈ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്തെ മരവിപ്പിച്ച്, മുരടിപ്പിച്ച് നിർത്തുകയാണ്. 'പട്ടി ഒട്ടു തിന്നുകയുമില്ല, പശുവിനെക്കൊണ്ട് തീറ്റിക്കുകയുമില്ല' എന്നുപറയുന്ന ഗവൺമെന്റിന്റെ സമീപനം മാറ്റണമെന്നാണ് എന്റെ അപേക്ഷ. അങ്ങ് എല്ലാത്തിനും മൂകസാക്ഷിയായിരിക്കുകയാണ്, അങ്ങയുടെ മൂകസാക്ഷിത്വം ഈ സംസ്ഥാനത്തിന്റെ വികസനത്തിന് തടസ്സമാണ്. ഈ തലമുറയോട് ചെയ്യുന്ന വലിയ അപരാധമാണ്. അങ്ങയുടെ ഈ മൗനം ഈ സംസ്ഥാനത്തെ ജനങ്ങൾ പൊറുക്കത്തില്ല, അങ്ങയുടെ ഈ മൗനത്തിനു അങ്ങ് വലിയ വില നൽകേണ്ടിവരും. ഇപ്പോൾ മൂന്നാംവർഷം ഒരു നയം, സഹകരണ മേഖലയ്ക്ക് ആകാം. നാലാം വർഷം നടപ്പിലാക്കാൻ കഴിയുമെന്ന് വിചാരിക്കുന്നു. നാലാം വർഷം നിങ്ങൾ ഒന്നോ, രണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

കോളേജ് തുടങ്ങും. അഞ്ചു വർഷമാണ് കേരളത്തിലെ വിദ്യാഭ്യാസത്തെ പിന്നോട്ടു കൊണ്ടുപോയത്. ഇത് അപരാധമാണ്, കുറ്റകരമായ അനാസ്ഥയാണ്.

"പഞ്ചാഗ്നി മദ്ധ്യേ തപസ്സു ചെയ്താലും

പാപകർമ്മത്തിൽ പ്രതിക്രിയയാകുമോ" എന്നു ചോദിച്ചതുപോലെ എന്ത് പ്രായശ്ചിത്തം ചെയ്താലും ഈ സംസ്ഥാനത്തോട് കാണിക്കുന്ന അപരാധനത്തിന് ഒരു പ്രതിക്രിയയാവില്ല. അങ്ങ് ഈ നയം തിരുത്തണം, ഗവൺമെന്റ് നയം തിരുത്തണം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ സംഭാവന ചെയ്ത സ്വകാര്യമേഖല, ആ സ്വകാര്യ മേഖലയ്ക്ക് സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കടന്നുവരാനും, അതുവഴി കേരളത്തിലെ വികസനവും, പുരോഗതിയും ഉറപ്പുവരുത്താനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ശ്രീ. ഇ.എം. അഗസ്തി പ്രധാനമായിട്ടും വിരൽചൂണ്ടിയത്. ഈ ഗവൺമെന്റ് വളരെയേറെ പ്രാധാന്യം കൊടുക്കുന്ന ഒരു മേഖലയാണ് സാങ്കേതിക വിദ്യാഭ്യാസമേഖല എന്നുള്ളത് കഴിഞ്ഞ മൂന്നുകൊല്ലമായി ഇവിടെ നടന്ന കാര്യങ്ങൾ എടുത്തു നോക്കിയാൽ ആർക്കും ബോധ്യമാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകളുടെ എണ്ണം 4,050, ഈ വർഷം 6,100 സീറ്റുകളിൽ അഡ്മിഷൻ നടക്കുകയാണ്. 50% വർദ്ധനവാണ് എഞ്ചിനീയറിംഗ് കോളേജുകളുടെ സീറ്റുകളിൽ മാത്രം ഉണ്ടായിട്ടുള്ളത്. ഇതൊരു ചെറിയ കാര്യമാണോ? ഇത്രയും കാലത്തെ എഞ്ചിനീയറിംഗ് രംഗത്തെ പ്രവർത്തനം എടുത്തുനോക്കിയാൽ ഈ വർഷംതന്നെ ഗവൺമെന്റ് മേഖലയിൽ നാല് കോളേജുകൾ, ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ ഒരു കോളേജ്, കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു കോളേജ്, സഹകരണ അക്കാഡമിയുടെ കീഴിൽ ഒരു കോളേജ് അങ്ങനെ മൊത്തം ഏഴ് എഞ്ചിനീയറിംഗ് കോളേജുകൾ ഈ വർഷംതന്നെ ആരംഭിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും ഇത്തരത്തിൽ ഒരു മാറ്റം കൊണ്ട് ഏതാണ്ട് 1,400 സീറ്റുകൾ ഈ വർഷംതന്നെ വർദ്ധിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വന്നിട്ടുള്ള ഈ മാറ്റം ശ്രദ്ധേയമല്ലേ? സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ അവഗണിക്കുന്നു എന്നാണോ കാണുന്നത്. 50% സീറ്റുകളുടെ വർദ്ധനവാണ് എഞ്ചിനീയറിംഗ് രംഗത്ത് ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ പോളിടെക്നിക്കുകളുടെ കാര്യമൊക്കെ ഇവിടെ പറഞ്ഞതാണ്. ആ രംഗങ്ങളിലൊക്കെ നിർണ്ണായകമായ മാറ്റം ഉണ്ടായിട്ടുണ്ട്. 2,700-ഓളം സീറ്റുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ രംഗത്ത് ഒട്ടും പുരോഗതിയില്ല, മുരടിച്ചു നിൽക്കുന്നു എന്നുള്ള വാദം അടിസ്ഥാനരഹിതമാണ്. പക്ഷെ ഇന്ന് ആവശ്യം ഇത്രയുമല്ല എന്നുള്ളത് ഞാൻ അംഗീകരിക്കുന്നു, വളരെയേറെ നമുക്ക് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. ഈ മൂന്നു വർഷക്കാലം കൊണ്ടു 50% വർദ്ധനവ് ഈ രംഗത്ത് വരുത്തി എന്നുള്ളത് വളരെ ചലനാത്മകമായ ഒന്നാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി, സ്വകാര്യമേഖലയെ സംബന്ധിച്ച് പറയുകയുണ്ടായി. സ്വകാര്യ മേഖലയിൽ സ്കൂളുകൾ നൽകുന്ന കാര്യത്തിൽ പ്ലസ് ടൂ

LIBRARY ARCHIVES Kerala Legislative Assembly

256 സ്കൂളുകളിൽ നൽകി. സ്വകാര്യ മേഖലയോടുള്ള തൊട്ടുകൂടായ്മയാണ് എന്നാണോ അത് സൂചിപ്പിക്കുന്നത്? ആ രംഗത്തെല്ലാം സ്വകാര്യമേഖല യ്ക്കുള്ള പങ്ക് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. പുതിയ കോളേജുകൾ തുടങ്ങുന്ന കാര്യത്തിൽ വളരെയേറെ ചർച്ചകൾ നടന്നിട്ടുണ്ട്, സ്വാശ്രയ കോളേജുകൾ എന്നുള്ളത് എങ്ങനെയായിരി ക്കും, പൊതുമേഖലയിൽ തന്നെ പ്രവർത്തിക്കുന്ന കോളേജുകൾ എങ്ങനെ പ്രവർത്തിക്കണം എന്നുള്ളത് ഈ ഗവൺമെന്റ് വളരെ ഗൗരവമായി ചർച്ചചെയ്തു. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച രീതിയിൽ പോകുന്നത് ശരി യല്ല, മുഴുവൻ സീറ്റുകളും സാമ്പത്തികമായ കഴിവിന്റെ അടിസ്ഥാനത്തിൽ കൊടുക്കുക എന്നുള്ളതായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ നയം. അത് മാറ്റി 50% സീറ്റുകൾ ഫ്രീ-സീറ്റുകൾ, 50% സീറ്റുകൾ പേമെന്റ് സീറ്റുകൾ എന്നുള്ള നിലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മാറ്റം വരുത്തി. ഈ രീതി തുടര ണമെന്നു തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇപ്പോൾ അനുവദി ച്ചിട്ടുള്ള കോളേജുകൾ ആ രീതിയിൽ തന്നെയാണ് മുമ്പോട്ട് പോകേണ്ടത്. ആ രംഗത്ത് വലിയ ഒരു തുടക്കം കുറിച്ചിരിക്കും. ഈ തീരുമാനമുള്ളതു കൊണ്ട് ഇനി മുന്നോട്ടു പോകില്ല, ഈ മേഖലയിൽ ഇനി വികസനം ഉണ്ടാ കില്ല എന്നൊരു സമീപനം സ്വീകരിക്കേണ്ട കാര്യമില്ല. പ്ലസ് ടു ആദ്യവർഷം ആരംഭിച്ചപ്പോൾ സ്വകാര്യ മേഖലയെ അവഗണിച്ചിരിക്കുന്നു എന്ന് പരക്കെ ആക്ഷേപം ഉണ്ടായി. സമീപനം വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. ആ രംഗത്ത് ഗുണനിലവാരം ഉണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാ സൗകര്യങ്ങളോടും കൂടിയുള്ളതായിരിക്കണം, മറ്റുള്ള സാമ്പത്തിക നേട്ട ങ്ങൾക്കു വേണ്ടിമാത്രം വിദ്യാഭ്യാസം നടത്തുന്നത് ശരിയല്ല എന്നുള്ള ഒരു സമീപനമാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. സ്വകാര്യമേഖല വേണ്ട എന്നുള്ള തീരുമാനം എടുത്തിട്ടില്ല. നമ്മുടെ ഈ സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസരംഗത്ത്, പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഇനിയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഐ.എച്ച്.ആർ.ഡി. പോലുള്ള സ്ഥാപനങ്ങൾ പരമാവധി അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരി ക്കുകയാണ്. എഞ്ചിനീയറിംഗിന്റെ മാത്രമല്ല, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ അപ്ലൈഡ് സയൻസ് കോളേജുകൾ യൂണിവേഴ്സിറ്റിയുടെ കീഴിലും ഐ.എച്ച്.ആർ.ഡി.യുടെ കീഴിലെല്ലാം ആരംഭിക്കുന്നുണ്ട്. ഈ വർഷം രണ്ട് അപ്ലൈഡ് സയൻസ് കോളേജുകൾ ആരംഭിക്കുന്നുണ്ട്. ഈ നിലയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്.

സർ, വടകരയിൽ, കണ്ണൂർ ജില്ലയിലെ പട്ടുവത്ത് ഒരു അപ്ലൈഡ് സയൻസ് കോളേജ് ഇത്തവണ ഐ.എച്ച്.ആർ.ഡി. തുടങ്ങുന്നുണ്ട്. അതുപോ ലെതന്നെ കല്ലൂപ്പാറയിലെ കോളേജിന്റെ കാര്യം നേരത്തെതന്നെ അനൗൺസ് ചെയ്തിട്ടുള്ളതാണ്. പരമാവധി കോളേജുകൾ തുടങ്ങുന്നുണ്ട്. ഈ കോളേജു കൾക്ക് സ്വാശ്രയ കോളേജുകൾ എന്നു പറയുന്നതിൽ അർത്ഥമില്ല. പരി പൂർണമായും ഇത് സ്വാശ്രയ കോളേജുകൾ ആകുന്ന സ്ഥിതിവിശേഷം ഇപ്പോഴില്ല. അതുകൊണ്ട് സ്പോൺസേർഡ് എഞ്ചിനീയറിംഗ് കോളേജ് എന്നുള്ള പേരാണ് ഇതിനുവേണ്ടത്. ഗവൺമെന്റ് സ്പോൺസേർഡ് എഞ്ചിനീ യറിംഗ് കോളേജാണ്, ഗവൺമെന്റിന്റെ ഒരു ചെറിയ സഹായവുംകൂടി ഇതിന് ആവശ്യമായിട്ടുവരും. സ്വാശ്രയമല്ല, പല വിഷയങ്ങളിലും പുതിയ പുതിയ കോഴ്സുകൾ തുടങ്ങേണ്ടതായിട്ടുണ്ട്. ഇപ്പോൾ സഹകരണ അക്കാഡമി വിഭ വസമാഹരണം നടത്തിക്കൊണ്ട് പുതിയ സ്ഥാപനങ്ങൾ തുടങ്ങാനുള്ള ഒരു പരിശ്രമമാണ് നടത്തിയിട്ടുള്ളത്. അതുകൊണ്ട് ഈരംഗത്ത് ഗവൺമെന്റ് വള

LIBRARY ARCHIVES Kerala Legislative Assembly

രെയേറെ മുന്നോട്ടുപോയിരിക്കുന്നു. പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈവർഷംതന്നെ വരുത്തിയിട്ടുള്ള മാറ്റങ്ങൾ ഞാൻ വിവരിച്ചിട്ടുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇനിയും കൂടുതൽ സൗകര്യം ഏർപ്പെടുത്തണമെന്ന് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതു കൊണ്ട് കൂടുതൽ മേഖലകളിലേയ്ക്ക് ഇതു വ്യാപിപ്പിക്കാൻ, പരമാവധി സൗകര്യം ഏർപ്പെടുത്താനുള്ള ഒരു സമീപനമായിരിക്കും ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ.എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സഹകരണമേഖലയുടെ അതേ മാനദണ്ഡങ്ങൾ വച്ചു കൊണ്ട് വിദ്യാഭ്യാസരംഗത്ത് അക്കാഡമിക് എക്സലൻസ് പ്രകടിപ്പിച്ചിട്ടുള്ള സ്വകാര്യ ഏജൻസികൾക്ക് കോളേജുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ഈ വർഷം തന്നെ കോളേജുകൾ അനുവദിക്കാൻ സാധിക്കുമോ എന്നു വ്യക്തമാക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഈ വർഷം കോളേജുകൾ അനുവദിക്കുന്ന സമയമെല്ലാം കഴിഞ്ഞുപോയിട്ടുണ്ട്. ഈരംഗത്ത് ഗവൺമെന്റിനെ സംബന്ധിച്ച് സ്വകാര്യ മേഖല വേണ്ട എന്നു തീരുമാനിച്ചിട്ടില്ല എന്നുള്ളകാര്യം ഞാൻ ഇതിനുമുൻപ് ഇവിടെ വ്യക്തമാക്കുകയുണ്ടായി.

(2) റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മോൻസ് ജോസഫ് : സർ, കേരളത്തിലെ റബ്ബർകൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന നിലയിൽ റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ റബ്ബർകൃഷിക്കാർ വലിയ പ്രതിസന്ധിയിൽക്കൂടി കടന്നുപോകുന്ന ഒരു കാലഘട്ടമാണ്. റബ്ബർകൃഷിക്കാർക്കുവേണ്ടി സംസ്ഥാനഗവൺമെന്റ് വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും കൃഷിക്കാരെ ഈ പ്രതിസന്ധിഘട്ടത്തിൽ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തത് ഞാൻ ഈ ഘട്ടത്തിൽ സ്മരിക്കുന്നു. പക്ഷെ സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവെങ്കിൽപ്പോലും നമ്മുടെ സംസ്ഥാനത്തെ റബ്ബർകൃഷിക്കാർക്ക് അർഹമായ ന്യായവില ലഭിക്കാത്ത സ്ഥിതിവിശേഷം ഇപ്പോഴും നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ വളരെ അടിയന്തിരമായി ചെയ്യേണ്ട വിവിധ കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടുകളാണ് നമ്മുടെ സംസ്ഥാനത്തെ റബ്ബർകൃഷിക്കാർക്ക് ഏറ്റവും കൂടുതൽ ദുരിതപൂർണ്ണമായ സ്ഥിതിവിശേഷം ഉണ്ടാക്കിയത് എന്നു നമുക്ക് കാണാൻ കഴിയും. ഇതിന്റെ മുഴുവൻ വിശദാംശങ്ങളിലേക്ക് ഇനി പോകേണ്ടതില്ല. നമ്മുടെ സംസ്ഥാനത്തിന് താങ്ങാൻ കഴിയാത്ത നിലയിലുള്ള വലിയ പ്രതിസന്ധിയാണ് റബ്ബർകൃഷിമേഖലയിൽ സംഭവിച്ചത്. നമ്മുടെ സഭയും അത് ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിൽനിന്ന് റബ്ബർകൃഷിക്കാരെ സഹായിക്കാൻവേണ്ടിയുള്ള നടപടികൾ നമ്മൾ ആവശ്യപ്പെടുമ്പോൾ നമ്മെ സഹായിക്കുന്നതിനുപകരം കൂടുതൽ കൂടുതൽ ഉപദ്രവിക്കാനുള്ള സമീപനങ്ങളാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നുതന്നെ പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തയനുസരിച്ച് ഇന്നലെ കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടും വീണ്ടും റബ്ബർകൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്തെ റബ്ബർകൃഷിക്കാർക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് നിരാകരിച്ചതിനെക്കുറിച്ചാണ് പത്രങ്ങളിൽ വാർത്ത വന്നത്.

LIBRARY ARCHIVES Kerala Legislative Assembly